بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 10.10.14 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*10.10.14 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം*

# പൊറുമയും സഹിഷ്ണുതയും കൈക്കൊള്ളുക

തശ്ശഹുദും തഅവുദും സൂറാ ഫാത്തിഹയും ഓതിയതിന് ശേഷം ഹുസൂർ അയ്യദുല്ലാഹു തഅല ബിനസിരിൽ അസീസ് പറഞ്ഞു.

അല്ലാഹു ഒരു വിശ്വാസിയെ ആബിദ് (ആരാധകൻ) ആയി ത്തീരുന്നതിനും ഉന്നത ധാർമികഗുണങ്ങൾ സ്വായത്തമാക്കുന്നതിലേക്കും ഉദ്ബോധിപ്പിക്കുന്നു. എന്തെന്നാൽ അതില്ലാതെ വിശ്വാസിയെന്ന് വാദിക്കുവാൻ സാധ്യമല്ല. ഒരു വിശ്വാസിയുടെ അടയാളം അവൻ ഇബാദത്ത് ചെയ്യുക എന്നതായിരിക്കുമ്പോഴും വ്യർഥമായ കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുക എന്നത് അവന് അനിവാര്യമാണ്. ഒരു വ്യക്തി വിശ്വാസിയായിരിക്കുകയും അതേസമയം അവനിൽ നിന്ന് ദുസ്വഭാവങ്ങൾ ഉണ്ടായിത്തീരുകയും ചെയ്യുക എന്നത് സാധ്യമല്ല. പ്രവർത്തിപരമായി അവനിൽ നിന്ന് ദുസ്വഭാവങ്ങൾ ഉടലെടുക്കുന്നത് അവൻ അഹങ്കാരിയായിരിക്കുമ്പോഴാണ്. അതുകൊണ്ടാണ് അല്ലാഹു തന്റെ ദാസരെക്കുറിച്ച് പറഞ്ഞിട്ടുള്ളത് **യമ്ശൂന അലൽ അർളി ഹൗനാ** അതായത് അവർ ഭൂമിയിൽ വളരെ വിനയത്തോടെ നടക്കുന്നവരാണ്. വിനയമുള്ള മനുഷ്യൻ കലഹങ്ങളിൽ നിന്നും കുഴപ്പങ്ങളിൽ നിന്നും വിട്ടുനിൽക്കുകയും രജ്ജിപ്പിനു വേണ്ടി ശ്രമിക്കുകയും ചെയ്യുക മാത്രമല്ല മറ്റു ഉന്നതധാർമ്മികഗുണങ്ങളും അവനിൽ കാണപ്പെടുന്നു. അതുപോലെ തന്നെ ഉന്നതധാർമികഗുണങ്ങളോടൊപ്പം ദൈവപ്രീതിയും മുന്നിൽ വെക്കുമ്പോൾ അതു പ്രാപിക്കുന്നതിന് ഉന്നതധാർമ്മികഗുണങ്ങളോടൊപ്പം തന്നെ ദൈവാരാധനയോടുള്ള കടമ നിർവഹിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അപ്പോൾ ഈ അവസ്ഥ ഒരു യഥാർഥ അവസ്ഥയായിത്തീരുന്നു. എന്നു വെച്ചാൽ യഥാർഥ വിശ്വാസി ഭക്തനും ഭവ്യതയുള്ളവനുമായിത്തീരുന്നു. ആയതിനാൽ ചില കാര്യങ്ങൾ മനുഷ്യന്റെ കഴിവിനപ്പുറമായതിനാൽ ചെയ്യാൻ സാധ്യമല്ലെന്ന് പറയുന്നത് ചുരുങ്ങിയ പക്ഷം ഇസ്‌ലാം മതത്തെ സംബന്ധിച്ചിടത്തോളം അതൊട്ടും ശരിയല്ല. നമസ്കാരത്തെ സംബന്ധിച്ച് ഒരു മുഅ്മിനോട് അത് നിനക്ക് നിർബന്ധമാണ്, അത് അനുഷ്ഠിക്കൂ എന്ന് അല്ലാഹു പറയുമ്പോൾ അതോടൊപ്പം തന്നെ അതിനുള്ള സൗകര്യവും അല്ലാഹു നല്കിയിട്ടുണ്ട്. ഉദാഹരണമായി ഏതെങ്കിലും കാരണത്താൽ ആർക്കെങ്കിലും നമസ്കാരം നിന്നുകൊണ്ട് നിർവ്വഹിക്കാൻ സാധ്യമല്ലെങ്കിൽ അവനോട് ഇരുന്നുകൊണ്ട് നമസ്കരിക്കാനാണ് പറഞ്ഞിരിക്കുന്നത്. അതു പോലെതന്നെ ഇരുന്ന് നമസ്കരിക്കാൻ സാധിക്കാത്തവന് കിടന്നുകൊണ്ട് നമസ്കരിക്കാനാണ് പറഞ്ഞിരിക്കുന്നത്. കാരണം അവൻ രോഗിയും ദുർബലനുമാണ്. യാത്രയിലോ മറ്റു വല്ല താല്കാലിക നിർബന്ധിതാവസ്ഥയോ ഉണ്ടെങ്കിൽ അവനോട് കസർ ചെയ്യാനും ജംഅ് ചെയ്യാനുമാണ് പറഞ്ഞിരിക്കുന്നത്. ആയതിനാൽ ഒരു വ്യക്തിക്കും ഏതെങ്കിലും നിർബന്ധിതാവസ്ഥ കാരണത്താൽ തനിക്ക് നമസ്കരിക്കാൻ സാധ്യമല്ലെന്ന് പറയാൻ കഴിയില്ല. വൃത്തിയുള്ള വസ്ത്രമല്ലെങ്കിൽ വസ്ത്രം എത്തരത്തിലുള്ളതാണെങ്കിലും അത് ധരിച്ച് നമസ്കരിച്ചുകൊള്ളുവിൻ, എന്നാൽ നമസ്കരിക്കൽ അനിവാര്യമാണ്. അതുപോലെത്തന്നെ വെള്ളമില്ലെങ്കിൽ വുളുവിന് പകരം തയമ്മം ചെയ്തുകൊള്ളുക. ചുരുക്കത്തിൽ തനിക്ക് നമസ്കരിക്കുക സാധ്യമല്ലെന്ന് പറയുന്ന ഒരുവന്റെ ഒഴികഴിവ് ബുദ്ധിയുള്ള ഒരുത്തനും വകവെച്ചു കൊടുക്കുകയില്ല. ബോധമുള്ളിടത്തോളം നമസ്കാരം നിർവഹിക്കുക അനിവാര്യമാണ്.

അയർലന്റിൽ പള്ളി ഉദ്ഘാടനവേളയിൽ ഞാൻ നൽകിയ ഖുത്ബയിൽ ആരാധനകളിലേക്ക് ഞാൻ സഹോദരങ്ങളുടെ ശ്രദ്ധ തിരിച്ചപ്പോൾ അമേരിക്കയിൽ നിന്ന് ഒരു മുബല്ലിഗ് സാഹിബ് (മറ്റു സ്ഥലങ്ങളിൽ നിന്നും എനിക്ക് കത്തുകൾ ലഭിച്ചിട്ടുണ്ട്) ഖുത്ബക്ക് ശേഷം പള്ളികളിൽ ഹാജർ നില വർദ്ധിച്ചിരിക്കുന്നു എന്ന് എഴുതി. യുവാക്കളിൽ നമസ്കാരം ശീലം ഉണ്ടാക്കിയെടുക്കുന്നതിന് ഖുദ്ദാമുൽ അഹ്മദിയ്യായും ലജ്നയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ പ്രായത്തിൽ ആരോഗ്യം നല്ലതായിരിക്കും. ഇബാദത്തിന്റെ കടമ നിർവഹിക്കാനും സാധിക്കുന്നതാണ്. ഹദ്റത് മസീഹ് മൗഊദ് (അ) ഇതിലേക്ക് നമ്മെ പ്രത്യേകം ഉദ്ബോധിപ്പിച്ചിട്ടുണ്ട്. അതായത് യുവത്വത്തിലും ആരോഗ്യാവസ്ഥയിലുമുള്ള ഇബാദത്തുകളാണ് അതിന്റെ കടമ നിറവേറ്റിക്കൊണ്ട് നിർവഹിക്കാൻ സാധിക്കുക. വാർദ്ധ്യക്യത്തിൽ മനുഷ്യന് പല തടസ്സങ്ങൾ കാരണത്താൽ ഇബാദത്തിന്റെ കടമ നിറവേറ്റേണ്ട വിധം നിർവഹിക്കാൻ സാധ്യമല്ല. ആയതിനാൽ ഇതിലേക്ക് വളരെയധികം ശ്രദ്ധ നല്കാൻ നാം ശ്രമിക്കേണ്ടതാണ്. ഇതില്ലാതെ നമ്മുടെ വിശ്വാസം പൂർണമാവുകയില്ല.

ഇനി ഞാൻ രണ്ടാമത്തെ കാര്യത്തിലേക്ക് വരാം. അതായത് സദ്സ്വഭാവങ്ങൾ. ഉന്നത സ്വഭാവഗുണങ്ങൾ ഉള്ളവരുടെ ഏറ്റവും വലിയ ഗുണം എന്നത് അവരുടെ സത്യസന്ധതയാണ്, സത്യത്തിൽ നിലകൊള്ളലാണ്. സത്യത്തിൽ നിലകൊള്ളുകയും കളവിനോടടുക്കുകപോലും ചെയ്യാതിരിക്കുകയും ചെയ്യുക എന്നത് ഒരു വിശ്വാസിയുടെ സവിശേഷതയാണ്. കളവിനോട് അങ്ങേയറ്റം വെറുപ്പുണ്ടെങ്കിൽ മാത്രമേ ഇത് സാധ്യമാവുകയുള്ളൂ. ഒരു വ്യക്തി കളവ് പറയുകയും എന്നിട്ടതിൽ പശ്ചാതപിക്കാതിരിക്കുകയും അവന്റെ കളവ് മൂലം മറ്റുള്ളവർക്ക് വല്ല നഷ്ടവും സംഭവിച്ചിട്ടുണ്ടെങ്കിൽ അതില്ലാതാക്കാൻ ശ്രമിക്കാതിരിക്കുകയും ചെയ്യുകയണെങ്കിൽ ആ വ്യക്തി വിശ്വാസത്തിൽ നില കൊള്ളുന്നവനെന്നോ ഉന്നത സ്വഭാവഗുണങ്ങളോടുകൂടിയവനാണെന്നോ പറയാൻ സാധ്യമല്ല. ആ വ്യക്തി തീർച്ചയായും സന്മാർഗത്തിലല്ലെന്ന് മനസ്സിലാക്കേണ്ടതാണ്.

സ്വഭാവഗുണങ്ങളെ സംബന്ധിച്ച് അല്ലാഹു പറയുന്നത് **വഖൂലു ലിന്നാസി ഹുസ്നാ** എന്നാണ്. അതായത് ജനങ്ങളോട് മൃദുലമായും നല്ല രീതിയിലും വർത്തിക്കുക, അവരോട് നല്ല രീതിയിലും സംസാരിക്കുക. ചില പ്രകൃതത്തിൽ ദുശ്ശാഠ്യം ഉണ്ടാകുന്നു. അങ്ങനെയുള്ള പ്രകൃതങ്ങളിൽ മൃദുലത ഉണ്ടാക്കിയെ

ടുക്കുക. മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു കാര്യവും നിങ്ങളിൽ നിന്ന് ഒരിക്കലും ഉണ്ടാവരുത്. ചെറിയ ചെറിയ കാര്യങ്ങളിൽ കോപാകുലരാവരുത്. എന്നാൽ ചില മനുഷ്യർ തങ്ങളുടെ പ്രകൃതം കാരണത്താൽ പെട്ടെന്ന് പൊട്ടിത്തെറിക്കുന്നു. അത്തരം ആളുകൾ കഠിനവാകുകൾ പറഞ്ഞതിനു ശേഷവും തങ്ങളുടെ കാഠിന്യത്തിൽ ദുഃഖിക്കുകയും വൈകാരികമോ മറ്റേതെങ്കിലും വിധത്തിലോ അവർക്ക് വന്ന് ഭവിച്ചിട്ടുള്ള ക്ലേശങ്ങളെ ദൂരീകരിക്കാൻ ശ്രമിക്കുകയും തൗബയും ഇസ്തിഗ്ഫാറും ചെയ്യുകയുമാണെങ്കിൽ അല്ലാഹു പറയുന്നു: ഞാൻ തൗബയുടെ കവാടങ്ങൾ തുറന്നിട്ടിരിക്കുന്നു എന്ന്. അവരുടെ തൗബ സ്വീകരിക്കപ്പെടുന്നതുമാണ്. എന്നാൽ പശ്ചാതപിക്കാത്ത വ്യക്തിക്ക് അല്ലാഹുവിന് മുമ്പിൽ ഒരു ഒഴികഴിവും ഉന്നയിക്കാൻ സാധ്യമല്ല. ആയതിനാൽ നാം ആത്മ പരിശോധന നടത്തേണ്ടതുണ്ട്. ഭാര്യാ ഭർത്താക്കന്മാരുടെ ഒരുപാട് കേസുകൾ എന്റെയടുത്ത് വരാറുണ്ട്. എന്നാൽ ദീനുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണവ. പുരുഷന്മാർ എത്രമാത്രം കോപാകുലരാകുന്നു വെച്ചാൽ എന്താണ് ചെയ്യുന്നത്, എന്താണെന്ന് പറയുന്നത് എന്ന് അവർ നോക്കാറില്ല. സ്ത്രീകളെ വൈകാരികമായി പീഡിപ്പിക്കുകയും അവർക്ക് നേരെ കൈയ്യോങ്ങുകയും ചെയ്യുന്നു. അതുപോലെതന്നെ മറ്റു കേസുകളുമുണ്ട്. പരസ്പരം തെറ്റായ മനോഭാവങ്ങളോടു കൂടിയവയാണവ മാത്രമല്ല അവരത് മനസ്സിലാക്കാൻ പോലും ശ്രമിക്കുന്നില്ല. ഇസ്‌ലാഹ് കമ്മറ്റിയും ഖസായും ശ്രമിച്ചാൽ തന്നെയും അവർ തങ്ങളുടെ കാര്യങ്ങളിൽ കടിച്ചു തൂങ്ങി നില്കുന്നു. ഏതെങ്കിലും കൂട്ടർക്കെതിരെ ശിക്ഷാ നടപടിയുണ്ടായൽ അവർ മാപ്പിനായി എഴുതുന്നു. അവർ ചെയ്ത അതിക്രമങ്ങൾ ഇല്ലാതാക്കാൻ പിന്നീട് അവർ ശ്രമിക്കുന്നു. അത്തരം ആളുകൾ ശിക്ഷക്ക് ശേഷം മാപ്പു നേടിക്കൊണ്ട് തങ്ങളുടെ പര്യവസാനം സംരക്ഷിക്കുന്നു എന്നത് ശരിതന്നെ. എന്നാൽ ശിക്ഷയുടെ കളങ്കം അവരുടെ മേൽ ചാർത്തപ്പെടുന്നതിനാൽ അവർ തങ്ങളുടെ ഈഗോക്ക് അടിമപ്പെട്ടില്ലായിരുന്നെങ്കിൽ ആദ്യമേ തന്നെ പ്രശ്നം പരിഹരിക്കാമായിരുന്നു. ആയതിനാൽ അത്തരം ആളുകൾ തങ്ങളുടെ ഈമാന്റെ കാര്യത്തിൽ വേവലാതിപ്പെടേണ്ടതാണ്. ഈ ലോകവും അതിലെ സുഖ സൗകര്യങ്ങളുമെല്ലാം അധികകാലമുണ്ടാവില്ല. നമ്മുടെ പര്യവസാനത്തെ സംബന്ധിച്ച് നാം വേവലാതിപ്പെടേണ്ടതാണ്. നമ്മുടെ ധാർമികഗുണനിലവാരം ഉയർത്തേണ്ടതിനെ സംബന്ധിച്ചും ചെറിയ ചെറിയ കാര്യങ്ങളിൽ നമ്മുടെ ഈഗോയുടെ കെണിയിൽ അകപ്പെടരുത് എന്നതിനെ സംബന്ധിച്ചും ജമാഅത്തിനെ ഞാൻ പലപ്പോഴും ഉദ്ബോധിപ്പിക്കാറുണ്ട്.

ധാർമിക ഗുണങ്ങളുടേയും മാനവികതയുടേയും അളവുകോൽ ആയിത്തീരാൻ ജമാഅത്തിലെ ഓരോ അംഗവും ശ്രമിക്കേണ്ടതാണ്. നാം നമ്മുടെ വികാരങ്ങളെ നിയന്ത്രിക്കുകയും അവയെ അല്ലാഹുവിന്റെ ഇച്ഛക്കനുസരിച്ച് വിനിയോഗിക്കുകയും ചെയ്യേണ്ടതാണ്. ഭാര്യാ ഭർത്താക്കന്മാരുടെ പ്രശ്നങ്ങളെ ഞാൻ ഉദാഹരിച്ചുവല്ലോ. നോക്കുക! നിക്കാഹ് വേളയിൽ ഓതപ്പെടുന്ന ആയത്തുകളിൽ എപ്രകാരമാണ് അല്ലാഹു തഖ്‌വയെ മുൻനിർത്തിക്കൊണ്ട് കല്പന നല്കിയിരിക്കുന്നത്. ഭാര്യക്കും ഭർത്താവിനും അതനുസരിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ അധികം പേരും ഇക്കാര്യങ്ങളെ മുന്നിൽ വെക്കാറില്ല. അവർ വിചാരിക്കുന്നത്, നിക്കാഹ് കഴിഞ്ഞു കല്യാണം കഴിഞ്ഞു അതോടെ എല്ലാം ആയി എന്നാണ്. അല്ലാഹു പറയുന്നത് കോപത്തെ നിയന്ത്രിക്കൂ, നല്ല സ്വഭാവത്തോടെ വർത്തിക്കൂ, തങ്ങളുടെ തെറ്റുകളിൽ വാശി പിടിക്കാതിരിക്കൂ, സൃഷ്ടികളോടുള്ള കടമകൾ നിർവഹിക്കാൻ ശ്രമിക്കു എന്നൊക്കെയാണ്. മാത്രമല്ല ഹദ്റത് മസീഹ് മൗഊദ്(അ) പറയുക പോലുമുണ്ടായി, സൃഷ്ടികളോടുള്ള കടമകൾ നിർവഹിക്കാത്തവൻ, അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം ഒരു വിശ്വാസി നിർബന്ധമായും പ്രദർശിപ്പിക്കേണ്ട മാതൃക പ്രദർശിപ്പിക്കാത്തവർ അല്ലാഹുവിനോടുള്ള കടമകളും നിർവഹിക്കാത്തവരാണ് എന്ന്. അവരുടെ നമസ്കാരങ്ങളും ആരാധനകളും വെറും കാണിക്കാൻ വേണ്ടിയുള്ളതാണ്. എന്തെന്നാൽ, ആ ആരാധനകൾ ഒന്നും തന്നെ ഒരു വിശ്വാസിക്ക് ഉണ്ടായിരിക്കേണ്ട യാതൊരു പരിവർത്തനവും അവരിൽ ഉണ്ടാക്കിയിട്ടില്ല. അവർക്ക് ദൈവസാമീപ്യം സിദ്ധിക്കാൻ ഹേതുവാകുന്ന ആ വിനയം അവരിൽ ഉടലെടുത്തിട്ടില്ല. കോപാകുലരാകുന്നതിനെ സംബന്ധിച്ച് സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) നൽകിയ ഉപദേശങ്ങൾ ഞാൻ നല്കാം. അവരുടെ തലച്ചോറിൽ ബുദ്ധിയും വിവേകവും ഉണ്ടാവില്ല. ചിലപ്പോൾ ഭ്രാന്തിന്റെ അവസ്ഥ വരെ വന്നു ചേരുന്നു. കോപവും ആവേശവും വർദ്ധിക്കുമ്പോൾ യുക്തി നശിക്കും. അതുകൊണ്ട് അങ്ങ് സഹനം കൈകൊള്ളാനാണ് ഉപദേശിച്ചത്. എന്തെന്നാൽ, സഹനം മുഖേന ബുദ്ധിശക്തിയും ചിന്താശക്തിയും വർദ്ധിക്കുന്നു. ഹുസൂർ(അ) പറയുന്നു: ഓർമ്മിച്ചു കൊള്ളുക! ബുദ്ധിയും കോപാവേശവും ഭയങ്കരമായ ശത്രുതയിലാണ്.കോപാവേശം ഉണ്ടായാൽ ബുദ്ധിക്ക് സ്ഥിരതയുണ്ടാവില്ല. എന്നാൽ ആരാണോ സഹനം കൈകൊള്ളുന്നത്, അവന് ഒരു വെളിച്ചം നല്കപ്പെടുന്നതാണ്. അതുമൂലം അവരുടെ ബുദ്ധിയിലും ചിന്താശക്തിയിലും ഒരു വെളിച്ചം സംജാതമായി തീരുന്നു. പിന്നീട് ആ വെളിച്ചത്തിൽ നിന്ന് വെളിച്ചം ഉണ്ടാവുന്നു. കോപാവേശത്താൽ ഹൃദയം ഇരുണ്ടു പോകുന്നതിനാൽ ആ ഇരുട്ടിൽ നിന്ന് ഇരുട്ട് മാത്രമേ ഉണ്ടാവുകയുള്ളൂ.

ചെറിയ ചെറിയ കാര്യങ്ങളിൽ കോപാകുലരാകുന്നവരെ സംബന്ധിച്ച് പറയുന്നു: അവരുടെ ഹൃദയത്തിൽ യുക്തിജ്ഞാനം ഉണ്ടാവുകയില്ല എന്ന്. കോപവും യുക്തിജ്ഞാനവും ഒരിക്കലും യോജിക്കുകയില്ല. കോപാകുലരാകുന്നവരുടെ ബുദ്ധി കുടുസ്സായതും വക്രതയുള്ളതുമായി തീരുന്നു. അവന് ഒരു മൈതാനത്തും വിജയമോ സഹായമോ ലഭിക്കുന്നതല്ല. കോപം പകുതി ഭ്രാന്താണ്. അതു കൂടിയാൽ പൂർണ്ണ ഭ്രാന്തായി തീരാം. ഒരു വിശ്വാസിയെ നിർവ്വചിച്ചുകൊണ്ട് പറഞ്ഞു: ഒരു വിശ്വാസി എങ്ങനെയായിരിക്കണം? ഹുസൂർ (അ) പറയുന്നു: പുരുഷൻ തന്റെ കഴിവുകളെ സന്ദർഭോചിതവും അനുവദനീയവുമായ മാർഗത്തിൽ വിനിയോഗിക്കേണ്ടതാണ്.ഉദാ: കോപം, അത് അധികമായാൽ ഭ്രാന്ത് വിളിച്ച് വരുത്തും. ഇതും ഭ്രാന്തും തമ്മിൽ വളരെ ചെറിയ വ്യത്യാസമേയുള്ളൂ. കഠിനമായി കോപിക്കുന്നവനിൽ നിന്നും യുക്തിജ്ഞാനത്തിന്റെ സ്രോതസ്സ് എടുക്കപ്പെടുന്നതാണ്. ഇനി ശത്രുവാണെങ്കിൽ പോലും അവനോട് കോപാകുലനായി സംസാരിക്കരുത്. ഹുസൂർ(അ) വിശ്വാസിയുടെ അടയാളമായി പറയുന്നു എങ്ങനെയാണ് ഒരു വിശ്വാസി കോപത്തെ നിയന്ത്രിക്കേണ്ടത് എന്ന്. കോപത്തെ നിയന്ത്രിച്ചാൽ മാത്രമേ യഥാർഥ വിശ്വാസിയാണെന്ന് പറയപ്പെടുകയുള്ളൂ. പറയുന്നു: **വൽ കാളിമീനൽ ഗൈള വൽ ആഫീന അനിന്നാസ്**. അതായത്, കോപം വലിച്ചു കുടിക്കുന്നവനും ജനങ്ങളോട് പൊറുമയോടും വിട്ട് വീഴ്ചയോടും പെരുമാറുന്നവനുമാണ് വിശ്വാസി. അതുകൊണ്ട് നാമും പൊറുമയും വിട്ടുവീഴ്ചയും വിശാലമാക്കേണ്ടതുണ്ട്.

ആയതിനാൽ നാം നേടാൻ ശ്രമിക്കേണ്ട നിലവാരമാണിത്. അല്ലാഹുവിന്റെ വെളിച്ചത്താൽ അനുഗൃഹീതമാക്കപ്പെടണമെങ്കിൽ സഹനത്തിന്റെയും ധൈര്യത്തിന്റെയും മൃദുലതയുടെയും ഗുണങ്ങൾ നാം നമ്മുടെ ഉള്ളിൽ സംജാതമാക്കേണ്ടതുണ്ട്. നമ്മുടെ വായിൽ നിന്നും ദിവ്യജ്ഞാനത്തിന്റെയും യുക്തി ജ്ഞാനത്തിന്റെയും കാര്യങ്ങൾ നിർഗമിക്കണമെന്ന് നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ജനങ്ങൾ നമ്മിൽ ആകൃഷ്ടരാകണമെന്ന് നാം ആഗ്ര

ഹിക്കുന്നുവെങ്കിൽ, മസീഹ് മൗഊദ്(അ) ന്റെ മിഷൻ മുന്നോട്ട് കൊണ്ടുപോകാൻ ആഗ്രഹിക്കുന്നവരാണെങ്കിൽ നാം നമ്മുടെ കുടുംബത്തിലെയും നിത്യജീവിതത്തിലെയും പ്രശ്നങ്ങളെ കഠിനതരവും കോപാകുലവുമായ അവസ്ഥയിൽ നിന്നും രക്ഷി ക്കേണ്ടി വരും. നമ്മുടെ ബുദ്ധിപരമായ കഴിവുകൾ ഒരിക്കലും നശിച്ചു പോകരുതെന്ന് നാം ആഗ്രഹിക്കുന്നെങ്കിൽ ദുർഭാവ നയിൽ നിന്നും കോപത്തിൽ നിന്നും സ്വയം വിട്ടു നില്ക്കേണ്ടി വരും. യഥാർഥ വിശ്വാസിയായി തീരണമെന്ന് നാം ആഗ്രഹി ക്കുന്നെങ്കിൽ നമ്മുടെ കഴിവുകളെ സന്ദർഭോചിതം നിർവ്വഹിക്കേ ണ്ടതുണ്ട്.

ഹുസൂർ (അ) പറഞ്ഞു: ഇസ്‌ലാമിന്റെ സൗന്ദര്യം നിലകൊള്ളു ന്നത് ഉന്നത ധാർമിക ഗുണങ്ങളെ സ്വായത്തമാക്കിക്കൊണ്ട് അനാവശ്യമായ കോപങ്ങളെ അമർത്തുകയും പൊറുമയോടെ പ്രവർത്തിക്കാൻ ഉപദേശിക്കുന്നതിലുമാണ്. ആയതിനാൽ ഈ സ്വഭാവഗുണം സ്വായത്തമാക്കേണ്ടത് എത്രയും അനിവാര്യമാണ്. കാരണം ഇതില്ലാതെ യഥാർഥ വിശ്വാസിയാവുക പ്രയാസമാണ്. ഹുസൂർ (അ) തന്റെ ലിഖിതങ്ങളിലും ഉപദേശനിർദ്ദേശങ്ങളിലും ആവർത്തിച്ച് പറഞ്ഞത് തങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കണ മെന്നാണ്. എന്നാൽ നാം ഇത് വേണ്ട വിധം പ്രാവർത്തികമാ ക്കാത്തത് നമ്മുടെ ദൗർബല്യമാണ്. ഇതിൽ സാധാരണ അഹ്മ ദികളും ഭാരവാഹികളും ഉൾപ്പെടുന്നുണ്ട്. അത്തരമാളുകൾ മറ്റുള്ള വരെ ഹുസൂർ(അ)ന്റെ കാര്യങ്ങൾ കേൾപ്പിക്കുകയും വികാര ങ്ങൾ നിയന്ത്രിക്കാൻ ഉപദേശിക്കുകയും ചെയ്യാറുണ്ട്. എന്നാൽ സത്യവാനായിരിക്കെ വ്യാജനെപ്പോലെ താഴ്മ കൈക്കൊള്ളാൻ ഹുസൂർ(അ) പറഞ്ഞത് ഇവർ വിസ്മരിച്ചുകളയുന്നു. നമ്മിൽ എത്രപേർ ഇത്തരത്തിലുള്ള ചിന്ത വെച്ചുപുലർത്തുകയോ ചിന്തി ക്കുകയോ ചെയ്യുന്നവരുണ്ട് എന്ന് നാം പരിശോധിക്കേണ്ടതാണ്. ഒരു താൽക്കാലിക ആവേശത്തിലാണ് അക്രമം ഉണ്ടായതെ ങ്കിൽ ആവേശം തണുത്തുകഴിഞ്ഞാൽ അത് ഒഴിവാക്കേണ്ടതാ ണ്. ഇനി അത് ഒഴിവാക്കുന്നില്ലെങ്കിൽ എല്ലാം കഴിഞ്ഞതിനു ശേ ഷവും അതിൽ പശ്ചാത്തപിക്കുന്നില്ലെങ്കിൽ ഹദ്റത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ അത് യഥാർഥ വിശ്വാസമല്ല. അത് കാണിക്കാൻ വേണ്ടിയുള്ള വിശ്വാസമാണ്. ജലത്തിനു മുക ളിലുള്ള വെറും കുമിളകൾ പോലെയാണ്. അതിന്റെ ഉള്ളിൽ വെറും വായു മാത്രമാണുള്ളത്. ആയതിനാൽ ഞാൻ പറഞ്ഞതു പോലെ നമുക്ക് ആത്മപരിശോധന നടത്തേണ്ടതുണ്ട്. നമ്മോട് അതിക്രമം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ തന്നെയും നാം അത് സഹി ക്കുന്നുണ്ടോ എന്നും കോപാകുലരായി മറുത്തുപറയുന്നുണ്ടോ എന്നും അതല്ല ഭാരവാഹികളാണെങ്കിൽ അവർ എത്രപ്രാവശ്യം മറ്റുള്ളവർ അതിക്രമം പ്രവർത്തിച്ചിട്ടും അതിനെയൊന്നും ഗൗനി ക്കാതെ നീതിയുക്തമായ തീരുമാനം എടുത്തിട്ടുണ്ടോ എന്നും നോക്കേണ്ടതാണ്. ആരെങ്കിലും തങ്ങളുടെ പ്രശ്നങ്ങളിൽ കൈ കടത്തിക്കൊണ്ട് അക്രമം പ്രവർത്തിക്കുകയാണെങ്കിൽ, മാതാപി താക്കളും അദ്ധ്യാപകരും കുട്ടികളെ ശിക്ഷിക്കുന്നതുപോലെ ഭരണാധികാരിയോ ഖാളിയോ അവന് ശിക്ഷ നൽകുന്നു. ഒരുവന് ശിക്ഷ ലഭിക്കുന്നത് അവൻ ശരീഅത്തിന്റെ കൽപ്പനയെ ധിക്ക രിച്ചതുകൊണ്ടോ മറ്റുള്ളവരുടെ അവകാശങ്ങളെ കവർന്നതു കൊണ്ടോ ആണ്. ചിലയാളുകൾ അക്രമം പ്രവർത്തിക്കുകയും ശരീഅത്തിന്റെ നിയമങ്ങൾ പാലിക്കാതിരിക്കുകയും ചെയ്യുന്നതു കൊണ്ടാണ് ഈ വിശദീകരണം അനിവാര്യമായത്. അവർ മറ്റു ള്ളവരുടെ അവകാശങ്ങൾ കവർന്നെടുത്തതിന്റെ ഫലമായി ജമാ അത്ത് വ്യവസ്ഥിതി അവരെ ശിക്ഷിക്കുമ്പോൾ ഈ കാര്യങ്ങൾ കേൾക്കുന്നവർ എനിക്ക് എഴുതിയേക്കാം, താങ്കൾ പൊറുമ യേയും വിട്ടുവീഴ്ചയേയും സംബന്ധിച്ചിട്ടാണല്ലോ ഖുത്ബ നൽ കിയത് ഞങ്ങളോടും അതനുസരിച്ച് പെരുമാറിക്കൊണ്ട് മാപ്പു നൽകിയാലും.

എനിക്ക് ആരോടും വ്യക്തിപരമായി ഒരു ശത്രുതയുമില്ലെന്ന് ഞാൻ മുമ്പേ പറഞ്ഞിട്ടുള്ളതാണ്. തെറി വാക്കുകൾ നിറഞ്ഞ കത്തുകൾ ചിലർ എനിക്ക് എഴുതാറുണ്ട്. അവരോടു പോലും എന്റെ മനസ്സിൽ കോപമോ വിദ്വേഷമോ ഉണ്ടായിട്ടില്ല. അത്തര ക്കാർ പൊതുവേ പേര് വെക്കാതേയോ സാങ്കൽപ്പിക പേര് വെച്ചു കൊണ്ടോ ആണ് എഴുതാറുള്ളത്. ഇനി അവർ പേര് വെച്ചാൽ തന്നെയും ഞാൻ ഉറപ്പ് നൽകുകയാണ്, ഇതു സംബന്ധിച്ച് അവർ ക്കെതിരിൽ യാതൊരു നടപടിയും ഉണ്ടാകുന്നതല്ല. അവർ എത്ര വേണമെങ്കിലും അസഭ്യം പറഞ്ഞുകൊള്ളട്ടെ, എനിക്ക് അവരോട് സഹതാപമാണ് തോന്നാറുള്ളത്. എനിക്ക് കൂടുതൽ ഇസ്തിഗ് ഫാർ ചെയ്യാനുള്ള അവസരവും ലഭിക്കുന്നു. എന്നെ സംബന്ധി ച്ചിടത്തോളം അത് വളരെ ഗുണപ്രദമാണ്. മറ്റുള്ളവരുടെ അവകാ ശങ്ങൾ ധ്വംസിക്കുകയും ശരീഅത്ത് കൽപ്പനകളെ ധിക്കരിക്കു കയോ ചെയ്യുന്നതുകൊണ്ടാണ് ശിക്ഷ ലഭിക്കുന്നത്. വളരെ ദു:ഖ ത്തോടെയാണ് ശിക്ഷ നൽകപ്പെടുന്നതും. അല്ലാതെ സന്തോഷ ത്തോടെയല്ല. നസാറത്ത് ഉമൂർ ആമയിൽ നിന്നോ വിവിധ രാജ്യ ങ്ങളിലെ അമീർമാരിൽ നിന്നോ ആരുടെയെങ്കിലും ശിക്ഷ മാപ്പു ചെയ്യാൻ ശിപാർശ ചെയ്തുകൊണ്ട് എനിക്ക് കത്ത് വരുമ്പോൾ ആ ദിവസം എനിക്ക് ഏറ്റവും സന്തോഷമുള്ള ദിവസമാണ്. ആയ തിനാൽ എന്റെ കടമകൾ എന്റെ കൈകളെ ബന്ധിക്കപ്പെട്ടിടത്ത് നിങ്ങളെന്നെ നിർബന്ധിക്കരുത്. എന്നാൽ ഞാൻ പറയും; രണ്ട് കൂട്ടർ തങ്ങളുടെ പ്രശ്നങ്ങൾ ഖസാഇൽ കൊണ്ട് വരുമ്പോൾ ഖസായോ ജമാഅത്ത് വ്യവസ്ഥിതിയോ അതിന് തീരുമാനം കൽ പ്പിക്കുകയും ഒരുകൂട്ടർക്ക് മേൽ അവരുടെ അവകാശം നൽകാ നോ അല്ലെങ്കിൽ സാമ്പത്തിക പ്രശ്നങ്ങളിൽ ഇത്ര രൂപ നൽക ണമെന്ന് ഭരമേൽപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ പണം കിട്ടേ ണ്ടവർ മറ്റേ കക്ഷിയുടെ സാമ്പത്തിക അവസ്ഥകളെ പരിഗണി ച്ചുകൊണ്ട് അവർക്ക് കൂടുതൽ സാവകാശം നൽകേണ്ടതാണ്. അവിടെ ദുർവാശി കാണിക്കരുത്. ഇതാണ് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കൽപ്പന. അനാവശ്യമായി ഈഗോക്ക് അടിമപ്പെട്ടുകൊണ്ട് അക്രമം പ്രവർത്തിക്കരുത്.

എന്തായാലും നാം എപ്പോഴും അല്ലാഹുവിന് നന്ദി പറഞ്ഞു കൊണ്ടിരിക്കേണ്ടതാണ്. മസീഹെന്ന് പേര് വെക്കപ്പെട്ടിട്ടുള്ള ഒരു വ്യക്തിയുടെ അനുയായികളാണ് നാമെന്ന് ഓർക്കേണ്ടതാണ്. അദ്ദേഹത്തിന് എന്തുകൊണ്ട് മസീഹ് മൗഊദെന്ന് പേരു വെച്ചി രിക്കുന്നുവെന്ന് നാം ചിന്തിക്കേണ്ടതാണ്. എന്തുകാര്യമാണ് ഈസാമസീഹിനെ മറ്റ് നബിമാരിൽ നിന്ന് വ്യതിരിക്തനാക്കു ന്നത്? ഒരോ നബിയിലും മറ്റ് നബിമാരിൽ നിന്ന് അദ്ദേഹത്തെ വ്യതിരിക്തനാക്കുന്ന ഏതെങ്കിലും ഒരു കാര്യം ഉണ്ടായിരിക്കും. അതിനാൽ ഏതൊരുകാര്യമാണോ ഈസാമസീഹിനെ വ്യതി രിക്തനാക്കുന്നത്, അതു തന്നെയാണ് മസീഹ് മൗഊദിനെ ഈസാനബിയുമായി സാദൃശ്യപ്പെടുത്തുന്നത്. ഇതിന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നൽകിയ വിശദീകരണം വളരെ ഹൃദയ സ്പർശിയാണ്. അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ സവിശേഷത ഈസാ(അ) നൽകിയ സഹിഷ്ണുതയുടെ അദ്ധ്യാ പനമാണ്. എല്ലാ നബിമാരും സഹിഷ്ണുതയുടെ അദ്ധ്യാപനം നൽകിയിട്ടുണ്ടെങ്കിലും ഈസാനബി(അ) തന്റെ കാലഘട്ടത്തിലെ അവസ്ഥകളെ പരിഗണിച്ചുകൊണ്ട് അതിന് കൂടുതൽ ഊന്നൽ നൽകി. ഈസാനബി(അ) ഈ അദ്ധ്യാപനമാണ് കൊണ്ടു വന്നത്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ പേര് മസീ ഹെന്ന് വെച്ചപ്പോൾ അഥവാ ഈസാനബി(അ)മായി സാദൃശ്യ പ്പെടുത്തിയപ്പോൾ ഹുസൂർ(അ)ഉം സഹിഷ്ണുതയുടെ അദ്ധ്യാ

പനം നൽകാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നുവെന്നാണ് അത് അർഥമാക്കുന്നത്. ആ മഹാത്മാവിന് മസീഹെന്ന പേര് വെച്ചതിനുള്ള ഒരു കാരണം ക്രിസ്ത്യാനികളുടെ മാർഗദർശനത്തിന്നായി വന്നു എന്നതുമാണ്.

അദ്ദേഹം ഒരു സ്ഥലത്ത് പറയുന്നു: നിങ്ങളുടെ അസ്തിത്വത്തിൽ പരിപൂർണമായ ഒരു വിപ്ലവം സംജാതമാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അവൻ നിങ്ങളിൽ നിന്ന് ഒരു മരണമാണ് ആവശ്യപ്പെടുന്നത്. അതിനു ശേഷം അവൻ നിങ്ങളെ ജീവിപ്പിക്കുന്നതായിരിക്കും. നിങ്ങൾ എത്രയും വേഗം പരസ്പരം രഞ്ജിപ്പിലെത്തുവിൻ, തങ്ങളുടെ സഹോദരന്മാരുടെ കുറ്റങ്ങൾ പൊറുത്തുകൊടുക്കുവിൻ. എന്തെന്നാൽ തന്റെ സഹോദരനോട് ഐക്യപ്പെടാൻ തയ്യാറാകാത്തവൻ ദുഷ്ടനാണ്. അവൻ മുറിച്ചുമാറ്റപ്പെടുന്നതാണ്. കാരണം അവൻ ഭിന്നിപ്പ് ഉണ്ടാക്കുകയാണ് ചെയ്യുന്നത്. നിങ്ങൾ ദേഹേച്ഛയെ എല്ലാ നിലക്കും ഉപേക്ഷിക്കുകയും പരസ്പര വിദ്വേഷങ്ങളെ ഒഴിവാക്കുകയും സത്യവാനായിരിക്കെ വ്യാജനെപ്പോലെ താഴ്മ കൈക്കൊള്ളുകയും ചെയ്യുവിൻ, നിങ്ങൾ പൊറുക്കപ്പെടുന്നതിനു വേണ്ടി. ദേഹേച്ഛയുടെ കൊഴുപ്പ് വർജിക്കുവിൻ, നിങ്ങൾ ക്ഷണിക്കപ്പെട്ടിരിക്കുന്ന കവാടത്തി ലൂടെ തടിച്ചുകൊഴുത്ത ഒരാൾക്ക് പ്രവേശിക്കാൻ സാദ്ധ്യമല്ല. ആയതിനാൽ നമ്മിൽ ഒരുപാട് സംസ്കരണത്തിന്റെ ആവശ്യമുണ്ട്. നാം നമ്മുടെ വികാരങ്ങളെ പൂർണമായും നിയന്ത്രിച്ചിരിക്കുന്നുവെന്ന് ലോകത്തിന് ബോധ്യമാകുന്ന തരത്തിലുള്ള മാതൃകയാണ് നാം പ്രദർശിപ്പിക്കേണ്ടത്.

തിന്മയെ വിപാടനം ചെയ്യാൻ നബി(സ) നൽകിയ ഒരു നിർദ്ദേശം, നിങ്ങൾ അത് കണ്ടാൽ കൈകൊണ്ട് തടയുക എന്നതാണ്. അതിന് കഴിയില്ലെങ്കിൽ നാവുകൊണ്ട് തടയുക, അതിനും സാദ്ധ്യമല്ലെങ്കിൽ മനസ്സിൽ അതിനോട് വെറുപ്പ് പ്രകടിപ്പിക്കുക. ചുരുക്കത്തിൽ അഹ്മദിയ്യാ സമൂഹത്തിലും തിന്മയെയും ദു:സ്വഭാവങ്ങളേയും വെറുക്കാനുള്ള മനോഭാവം ഉണ്ടാക്കേണ്ടതാണ്. എല്ലാവരിലും ഈയൊരു ബോധമുണ്ടായാൽ അൽപം ആളുകൾ പോലും ധാർമിക നിലവാരം കുറഞ്ഞവരായി ശേഷിക്കുന്നതല്ല. ഓരോരുത്തരും തങ്ങളുടെ നിലവാരം ഉയർത്തുവാനാണ് ശ്രമിക്കുക. ഒരു അക്രമിക്കും നാം അരുനിൽക്കരുത്. അല്ലാഹുവും അവന്റെ റസൂലും കൽപ്പിച്ച മാർഗമാണ് നാം അവലംബിക്കേണ്ടത്. ഇക്കാലഘട്ടത്തിൽ അതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) മാണ് ഊന്നൽ നൽകിയത്. നാം പൊറുമയൊടും സഹിഷ്ണുതയോടും വിട്ടുവീഴ്ചയോടും സ്നേഹത്തോടും കൂടി വർത്തിക്കേണ്ടതാണ്. ആരെങ്കിലും അക്രമിക്കപ്പെടുന്നതായി കണ്ടാൽ അക്രമിക്കപ്പെട്ടവനെയല്ല മറിച്ച് നമ്മുടെ മേലാണ് അക്രമം ചെയ്തതെന്നും അതിലുപരി ഹദ്റത്ത് മസീഹ് മൗഊദ്(അ)നു മേലാണ് അക്രമം ചെയ്തതെന്നും മനസ്സിലാക്കേണ്ടതാണ്. കാരണം എന്തൊരു ആവശ്യത്തിനാണോ അദ്ദേഹം നിയോഗിക്കപ്പെട്ടത് അയാൾ അതിനെ നിന്ദിച്ചിരിക്കുകയാണ്. അതിനാൽ അത്തരം അക്രമികളെ തടയേണ്ടത് നമ്മുടെ ജോലിയാണ്. കൈകൊണ്ട് തടയാൻ സാദ്ധ്യമല്ലെങ്കിൽ നാവുകൊണ്ട് തടയുക, മനസ്സു കൊണ്ട് വെറുക്കുക. അക്രമിക്കപ്പെട്ടവന്റെ രക്ഷക്കായി ദു:ആ ചെയ്യുക. നാമും നമ്മുടെ സമൂഹവും ഇത്തരം ദു;സ്വഭാവങ്ങളെ വെറുക്കുകയാണെങ്കിൽ സ്വയമേവ ഇത്തരം അക്രമപ്രവർത്തനങ്ങൾ അവസാനിക്കുന്നതാണ്. എന്നാൽ അക്രമം ചെയ്യുന്നതിൽ മാതാപിതാക്കളും സഹോദരീ സഹോദരന്മാരും ചിലപ്പോൾ ഉൾപ്പെടുന്നതായാണ് കാണാൻ സാധിക്കുന്നത്. പ്രത്യേകിച്ചും കുടുംബപ്രശ്നങ്ങളിൽ.

ഇവരെക്കൂടാതെ സൗഹൃദത്തിന്റെ പേരിൽ മറ്റ് പലരും ഇതിൽ ഭാഗഭാക്കാകുന്നു. ആയതിനാൽ സമൂഹത്തിന്റെ സംസ്കരണത്തിന്നായി ഈ അക്രമങ്ങളിൽ ഉൾപ്പെടുന്നതിന്ന് പകരം നാം, അക്രമിക്കപ്പെട്ടവന്റെ മേലുള്ള ദ്രോഹത്തെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മേലുള്ള അക്രമമായി മനസ്സിലാക്കേണ്ടതാണ്. ഇങ്ങനെയായാൽ നമ്മുടെ സമൂഹം എങ്ങനെയാണ് നന്നായിത്തീരുന്നതെന്ന് നിങ്ങൾക്ക് കാണാം. മാത്രമല്ല നമ്മുടെ മനോഭാവവും പ്രവർത്തനവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ദേശ്യത്തെ പൂർത്തീകരിക്കുന്നതാണ്. നമുക്ക് ഇബാദത്തുകളോടൊപ്പം ഉന്നത ധാർമിക ഗുണങ്ങളെയും നിലനിർത്തുവാൻ അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 10.10.14
Summarized by Majlis Ansarullah,Bharat
Malayalam Translation : Mau.Arif Mohammad For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala

To